AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

# Press Release

PR . 139/2019 04.09.2019

## 2000 കാർഷിക വിപണികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി ഇന്ന് നിർവഹിക്കും

ഓണനാളുകളിൽ ശുദ്ധവും സുരക്ഷിതവുമായ ഭക്ഷ്യോത്പന്നങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ ഈ ഓണക്കാലത്ത് കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ 2000 പ്രാദേശിക വിപണികൾ പ്രവർത്തനസജ്ജമാക്കുമെന്ന് കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ പത്രസമ്മേളനത്തിൽ അറിയിച്ചു. കർഷകർ തദ്ദേശീയമായി ഉത്പാദിപ്പിച്ച വിഷരഹിതമായ 'സേഫ്റ്റ് ടു ഈറ്റ്' (സുരക്ഷിതഭക്ഷണം) പച്ചക്കറികളും പഴങ്ങളും മെച്ചപ്പെട്ട വില നൽകി സംഭരിച്ച് 2000 ഓണവിപണികളിലൂടെ ന്യായവിലയ്ക്ക് ആവശ്യക്കാർക്ക് യഥേഷ്ടം ലഭ്യമാക്കുന്നതാണ്. കേരളത്തിൽ തന്നെ ഉദ്പാദിപ്പിച്ച ശീതകാല പഴം-പച്ചക്കറികളും ഇതിലൂടെ ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.

ഉത്സവകാലങ്ങളിൽ പൊതു വിപണികളിൽ ഉണ്ടാക്കുന്ന വിലക്കയറ്റം പിടിച്ച് നിർത്താനുള്ള സർക്കാരിന്റെ ദൗത്യത്തിന്റെ ഭാഗമായി കൃഷിവകുപ്പ്,ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, കർഷകകൂട്ടായ്മകൾ എന്നിവരുടെ സംയുക്തസംരംഭമായാണ് 2000 പഴം-പച്ചക്കറി വിപണികൾ സംസ്ഥാനത്തുടനീളം 1000 കൃഷിഭവനുകളുടെ കീഴിൽ സജ്ജമാക്കുന്നത്.

പ്രളയാനന്തരം പല ജില്ലകളിലും തന്നെ കൃഷിവകുപ്പ് കർഷകരുടെ ഉത്പന്നങ്ങൾ നേരിട്ട് സംഭരിച്ച് ഇത്തരം വിപണികൾ സംഘടിപ്പിച്ചിരുന്നതായും ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് ഉത്പന്നങ്ങൾ ന്യായവിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനായതായും ലാഭം മുഴുവൻ കർഷകർക്ക് നൽകുവാൻ കഴിഞ്ഞതായും മന്ത്രി അറിയിച്ചു. ഓണവിപണികളുടെ സംസ്ഥാനതല ഉദ്ഘാടനം സെപ്തംബർ 5- വൈകിട്ട് 5.30-ന് തിരുവനന്തപുരം പാളയത്ത് ഹോർട്ടികോർപ്പ് വിപണിയിലാണ് സംഘടിപ്പിച്ചിട്ടുള്ളത്. കൃഷിവകുപ്പ് മന്ത്രി വി.എസ്. സുനിൽകുമാറിന്റെ അദ്ധ്യക്ഷതയിൽ കേരളമുഖ്യമന്ത്രി. പിണറായി വിജയൻ കാർഷികവിപണി ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ ശശിതരൂർ എം.പി, ഹോർട്ടികോർപ്പ് ചെയർമാൻ വിനയൻ, എം.എൽ.എ വി.എസ്. ശിവകുമാർ എന്നിവർ ചടങ്ങിൽ പങ്കെടുക്കും. കൃഷിഭവൻ അടിസ്ഥാനത്തിലുള്ള വിപണികൾ സെപ്റ്റംബർ 7 മുതൽ 10 വരെയാണ് പ്രവർത്തിക്കുന്നത്.

കർഷകരിൽ നിന്നും പൊതുവിപണി വിലയേക്കാൾ 10 ശതമാനം അധിക വില നൽകി സംഭരിക്കുന്ന ഉത്പന്നങ്ങൾ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കും. നല്ല കൃഷിമുറ സമ്പ്രദായത്തിലൂടെ ഉത്പാദിപ്പിക്കപ്പെട്ട (Good Agricultural Practices) പച്ചക്കറി ഉത്പന്നങ്ങൾ സംഭരിക്കുമ്പോൾ പൊതു വിപണികളിൽ കർഷകർക്ക് ലഭ്യമാകുന്ന സംഭരണ വിലയേക്കാൾ 20% അധികം വില നൽകി സംഭരിക്കുകയും 10% സബ്സിഡി നൽകികൊണ്ടുള്ള നിരക്കിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യും. 'കേരള ഓർഗാനിക് ലേബലോ'ടുകൂടി പ്രകൃതിയോടിണങ്ങിയ പാക്കിംഗിൽ മാത്രമാണ് ജി.എ.പി ഉത്പന്നങ്ങൾ വിൽപ്പന നടത്തുന്നത്. 100 രൂപ വിലവരുന്ന പച്ചക്കറികിറ്റുകൾ ഈ വർഷത്തെ സവിശേഷതയാണ്.പൂർണമായും വിപണികൾ പ്ലാസ്റ്റിക് വിമുക്തമായിരിക്കും. നാടൻ പച്ചക്കറികൾ, നല്ല കാർഷിക മുറ സമ്പ്രദായത്തിലൂടെ ഉത്പാദിപ്പിച്ച പച്ചക്കറികൾ, വട്ടവട-കാന്തല്ലൂർ പച്ചക്കറികൾ, അന്യസംസ്ഥാന പച്ചക്കറികൾ എന്നിവ പ്രത്യേകം വിപണികളിൽ പ്രദർശിപ്പിക്കുമെന്നും മന്ത്രി സൂചിപ്പിച്ചു. ഭൗമ സൂചികാ പദവിയിലൂടെ ശ്രേഷ്ഠത നേടിയ ഉത്പന്നങ്ങൾ പരമാവധി ജനങ്ങളിലെത്തിക്കുവാനാണ് ഈ വിപണി ലക്ഷ്യം വയ്ക്കുന്നതെന്നും മറയൂർ ശർക്കര, മറയൂർ വെളുത്തുള്ളി, ചെങ്ങോലിക്കോടൻ നേന്ത്രൻ, വാഴക്കുളം പൈനാപ്പിൾ തുടങ്ങിയ ഭൗമശാസ്ത്രാസൂചിക ലഭിച്ച ഉത്പന്നങ്ങൾ ഓണവിപണികളിൽ ലഭ്യമാകുമെന്നും മന്ത്രി അറിയിച്ചു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
Website: www.fibkerala.gov.in Email:fibtvm@gmail.com
Telephone: 0471 2317314